# കേരള കാർഷിക സർവ്വകലാശാല

സുഗന്ധതൈല ഔഷധസസ്യ ഗവേഷണകേന്ദ്രം, ഓടയ്ക്കാലി,

അശമന്നൂർ പി.ഒ. 683549

എ/1045/22 (i) തീയതി :06.12.2024

## <u>ക്വട്ടേഷൻ നോട്ടീസ് (നഴ്സറി ജോലികൾ) (കാലാവധി നീട്ടുന്നു)</u>

ഓടയ്ക്കാലി സുഗന്ധതൈല ഔഷധസസ്യഗവേഷണ കേന്ദ്രത്തിൽ **2024** ഡിസംബർ **1** മുതൽ **2025** മെയ് **31** വരെയുള്ള ആറുമാസ കാലയളവിൽ താഴെപറയുന്ന പണികൾ, നിർദ്ദിഷ്ട നിബന്ധനകൾ അനുസരിച്ച് ചെയ്തുതരുന്നതിന് താൽപര്യമുള്ള സ്ത്രീ/പുരുഷ കരാറുകാരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. സ്ത്രീ തൊഴിലാളികളെ മാത്രമേ ജോലിയ്ക്ക് നിയോഗിക്കുകയുള്ളൂ.

ക്വട്ടേഷനുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകാഫോമിൽ **16.12.2024** പകൽ **2.30** മണിക്കു മുൻപായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ **16.12.2024** പകൽ **3.00** നു് തുറക്കുന്നതായിരിക്കും.

ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യപേജ്, പാൻ എന്നിവയുടെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ക്വട്ടേഷനോടൊപ്പം വയ്ക്കണം. പേര്, അഡ്രസ്സ് എന്നിവയുടെ തെളിവ് മേൽപ്പറഞ്ഞ രേഖകളിൽ ഉണ്ടായിരിക്കണം.

<u>ജോലികൾ</u>

| നം. | ജോലിയുടെ വിവരം | | ജോലിയുടെ ഏറ്റവും കുറഞ്ഞ തോത് |
|---|---|---|---|
| **1.** | പോളി ബാഗുകൾ നിറച്ച് ഷെഡുകളിൽ അടുക്കി വെയ്ക്കുക | **4*6** | **700** എണ്ണം/സ്ത്രീ |
| | | **5*7** | **600** എണ്ണം/സ്ത്രീ |
| | | **10*13** | **500** എണ്ണം/സ്ത്രീ |
| **2.** | തൈകൾ പറിച്ചു പോളി ബാഗിൽ നടുക | | **500** എണ്ണം/സ്ത്രീ |
| **3.** | കളപറിക്കുക/വളം ചെയ്യുക/മരുന്ന് സ്പ്രേ ചെയ്യുക/നനയ്ക്കുക (ചെറിയ കവർ) | | **600** എണ്ണം/സ്ത്രീ |
| **4.** | കളപറിക്കുക/വളം ചെയ്യുക/മരുന്ന് സ്പ്രേ ചെയ്യുക/നനയ്ക്കുക (ഇടത്തരം കവർ) | | **400** എണ്ണം/സ്ത്രീ |
| **5.** | കളപറിക്കുക/വളം ചെയ്യുക/മരുന്ന് സ്പ്രേ ചെയ്യുക/നനയ്ക്കുക (വലിയ കവർ) | | **300** എണ്ണം/സ്ത്രീ |
| **6.** | വിത്ത് പാകുക (അടയ്ക്ക) | | **2000** എണ്ണം/സ്ത്രീ |
| **7.** | വിത്ത് പാകുക (മാങ്ങ) | | **1000** എണ്ണം/സ്ത്രീ |
| **8.** | വിത്ത് പാകുക (ചക്കക്കുരു) | | **2500** എണ്ണം/സ്ത്രീ |
| **9.** | വിത്ത് പാകുക (നാളികേരം) | | **1000** എണ്ണം/സ്ത്രീ |
| **10.** | വിത്ത് പാകുക (ജാതി) | | **2000** എണ്ണം/സ്ത്രീ |
| **11.** | ഗ്രീൻ ഹൗസിൽ നിന്നും പോളി ബാഗ് ചെടികൾ മാറ്റി അടുക്കുക | | **1000** എണ്ണം/സ്ത്രീ |
| **12.** | കുരുമുളക് തല തയ്യാറാക്കൽ | | **1000** എണ്ണം/സ്ത്രീ |
| **13.** | കുരുമുളക് തല നടുക | | **1000** എണ്ണം/സ്ത്രീ |

നിബന്ധനകൾ

- ജോലികൾ ചെയ്യുന്നതിന് ഒരു ദിവസത്തെ ജോലിക്കു് ഒരു സ്ത്രീതൊഴിലാളിക്കു് ആവശ്യമായ തുകയാണു് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന തരത്തിൽ മേൽപ്രസ്താവിച്ച തോതിൽ തൃപ്തികരമായ രീതിയിൽ ജോലി നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം ജോലി ചെയ്ത ദിവസം കണക്കാക്കുന്നതിൽ ജോലിക്ക് ആനുപാതികമായ വ്യത്യാസം ഉണ്ടാകുന്നതാണ്. ജോലിക്കു ഹാജരാകുന്ന ഏതൊരാളുടേയും ജോലി തൃപ്തികരമല്ലെങ്കിൽ ടിയാളെ ജോലിയിൽനിന്നും മാറ്റിനിർത്താനുള്ള അധികാരം സ്റ്റേഷൻ മേധാവിക്കുണ്ടായിരിക്കുന്നതാണ്.
- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിയുടെ ക്വട്ടേഷൻ തൃപ്തികരമെന്നു തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ നിരാകരിക്കുന്നതിനുള്ള അവകാശം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമാണ്.
- കരാർ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി 2 ദിവസത്തിനുള്ളിൽ 1000/- രൂപ (ആയിരം രൂപ)
- സെകൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കുകയും നിബന്ധനകൾ ഉൾക്കൊള്ളുന്ന ധാരണാപത്രം 200/- രൂപ മുദ്രപത്രത്തിൽ ഒപ്പിട്ടു നൽകുകയും ചെയ്യണം.
- സെകൂരിറ്റി തുക കരാർ കാലാവധിക്കുശേഷം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്കുവിധേയമായി തിരിച്ചുകൊടുക്കുന്നതാണു്.
- ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി ഫാമിൽ നിന്നും നിർദ്ദേശിക്കുന്ന രീതിയിൽ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ ജോലികൾ ചെയ്തു തരേണ്ടതാണു്.
- രാവിലെ 8 മണി മുതൽ 1 മണി വരെയും 2 മണി മുതൽ 5 മണി വരെയും ആയിരിക്കും ജോലിസമയം. 1 മുതൽ 2 വരെയുള്ള ഇട സമയം ഉച്ച ഭക്ഷണ സമയമായിരിക്കും.
- ഫാമിൽനിന്നും നിർദ്ദേശിച്ച് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലും നിരീക്ഷണത്തിലും ആയിരിക്കും ജോലി ചെയ്യേണ്ടത്.
- ഓരോ ജോലിക്കും തൊഴിൽ വൈദഗ്ധ്യമുള്ള ആരോഗ്യമുള്ള 18 നും 60 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളെ വേണം ജോലിക്ക് ഹാജരാക്കുവാൻ.
- ഓരോ ദിവസത്തേയ്ക്കും ആവശ്യപ്പെടുന്നയത്ര തൊഴിലാളികളെ (5 മുതൽ 10 വരെ തൊഴിലാളികൾ അടങ്ങുന്ന ഗ്രൂപ്പ്) ജോലിക്കു് എത്തിക്കാൻ കരാറുകാരൻ /കരാറുകാരി ബാദ്ധ്യസ്ഥയാണു്. അല്ലാത്ത പക്ഷം മുന്നറിയിപ്പു കൂടാതെ തന്നെ കരാർ റദ്ദാക്കാവുന്നതും കരാറുകാരുടെ സെക്യൂരിറ്റി തുക സർവ്വകലാശാലയിലേയ്ക്ക് മുതൽകൂട്ടുന്നതുമായിരിക്കും.
- ഒരു നിശ്ചിത ജോലി തീർന്നാൽ പണിക്കൂലിക്കായി വൗച്ചർ നൽകേണ്ടതും, പ്രസ്തുത വൗച്ചർ ഓഫീസിലെ നടപടി ക്രമങ്ങൾക്കാവശ്യമായ ന്യായമായ സമയത്തിനുശേഷം മാറി ബാങ്കു് ചെക്കായി നൽകുന്നതുമായിരിക്കും.
- ജോലിക്ക് ആവശ്യമായ ആയുധങ്ങൾ ക്വൊട്ടേഷൻ ലഭിക്കുന്ന വ്യക്തി തന്നെ കൊണ്ടുവരേണ്ടതാണു്.
- ജോലിക്ക് വരുന്നവർക്കുവേണ്ട ഭക്ഷണവും കുടിവെള്ളവും അവരവർ തന്നെ കൊണ്ടു വരണം.
- ജോലിസമയത്ത് ജോലികൾ എറ്റെടുക്കുന്നവർക്കോ അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കോ ജോലിക്കിടയിലോ മറ്റുസമയങ്ങളിലോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
- തൊഴിലാളികൾക്കാവശ്യമായ ഇൻഷുറൻസ് പരിരക്ഷ കരാറുകാരന്റെ/കരാറുകാരിയുടെ ചുമതലയായിരിക്കും.
- കരാറുകാർ അവർ ലഭ്യമാക്കുന്ന സ്ത്രീ തൊഴിലാളികളുടെയും കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനുണ്ടാവുന്ന നഷ്ടങ്ങൾക്ക് കരാറുകാർ തന്നെ ഉത്തരവാദി ആയിരിക്കുന്നതും ആ നഷ്ടം കരാറുകാരൻ/കരാറുകാരിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
- സ്റ്റേഷൻ മേധാവിക്ക് ആവശ്യമാണെന്നു തോന്നുന്ന ജോലികൾ ചെയ്യിക്കുന്നതിന് മറ്റു തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

- ഇപ്രകാരം ജോലി എറ്റെടുക്കുന്ന കരാറുകാരൻ/കരാറുകാരിക്കോ തൊഴിലാളികൾക്കോ സർവ്വകലാശാല യുടെ തുടർന്നുള്ള നിയമനങ്ങളിൽ യാതൊരുവിധ മുൻഗണനകളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല.
- സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ആദായനികുതി നിരക്കുകൾ ജോലികൾ എറ്റെടുത്തിട്ടുള്ള കരാറുകാരിൽനിന്നും ഇൗടാക്കുന്നതാണു്. (നിലവിലുള്ള നിരക്ക്: 1% നികുതി)
- സർക്കാർ ക്വൊട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇൗ ക്വൊട്ടേഷനും ബാധകമായിരിക്കും.
- കൂടുതൽ വിവരങ്ങൾ ഒാഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

(ഒപ്പ്)
ഡോ. ആൻസി ജോസഫ്
പ്രൊഫസർ ആന്റ് ഹെഡ്

സുഗന്ധതൈല ഔഷധസസ്യ  ഗവേഷണകേന്ദ്രം, ഓടയ്ക്കാലി, 06.12.2024 തീയതിയിലെ A/1045/22 നമ്പർ ക്വൊട്ടേഷൻ നോട്ടീസ് പ്രകാരം സമർപ്പിക്കുന്ന ക്വട്ടേഷൻ

1. പേര് :

2. അഡ്രസ്സ് :

പാസ്പോർട്ട് സൈസ് ഫോട്ടോ

3. മൊബൈൽ നമ്പർ :

| ജോലി | ആവശ്യപ്പെടുന്ന തുക |
|---|---|
| **1.** നഴ്സറി ജോലികൾ<br>ക്വട്ടേഷൻ നോട്ടീസ് എ/1045/22 (i) | ഒരു ദിവസത്തെ ജോലിക്ക് ഒരു<br>സ്ത്രീതൊഴിലാളിക്ക് ……….. രൂപ |
| **2.** കൃഷിയിട പണികൾ<br>ക്വട്ടേഷൻ നോട്ടീസ് എ/1045/22 (iii) | ഒരു ദിവസത്തെ ജോലിക്ക് ഒരു<br>സ്ത്രീതൊഴിലാളിക്ക് ……….. രൂപ |
| **3.** ഔഷധസസ്യം, ആരോഗ്യപാനീയ ശാല, കൂൺ കൃഷി, വളമിശ്രിതം ഉണ്ടാക്കൽ, സംബന്ധിച്ച ജോലികൾ<br>ക്വട്ടേഷൻ നോട്ടീസ് എ/1045/22 (iv) | ഒരു ദിവസത്തെ ജോലിക്ക് ഒരു<br>സ്ത്രീതൊഴിലാളിക്ക് ……….. രൂപ |

ബാങ്ക് അക്കൗ ് പാസ് ബുക്കിന്റെ കോപ്പി,  പാൻ കാർഡ്  എന്നിവയുടെ കോപ്പി ക്വട്ടേഷനോടൊപ്പം സമർപ്പിക്കുന്നു.

***പേര്, അഡ്രസ്സ് എന്നിവയുടെ തെളിവ് മേൽപ്പറഞ്ഞ രേഖകളിൽ* ഉണ്ട്.**

സ്ഥലം : ഒപ്പ്

തീയതി : പേര്